നെയ്യാറിൻകര താലൂക്കാശുപത്രിയിൽ മൂന്നുവർഷത്തിലധികം ജോലി ചെയ്യുന്ന ഡോക്ടർമാർ

460. [574] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറിൻകര താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിൽ 3 വർഷത്തിനുമേൽ തുടർച്ചയായി സർവ്വീസിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേരുവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. ഡോ. ഷൺമുഖം
2. ഡോ. ജി. മഹാദേവൻ
3. ഡോ. എൻ. രാമചന്ദ്രൻ നായർ.

ഹെൽത്ത് സർവ്വീസസ് ഫിസിയോതെറാപ്പിസ്റ്റ് അസോസിയേഷന്റെ നിവേദനം

461. [575] ശ്രീ. കെ. ടി. കുമാരൻ :
,, കെ. ടി. കണാരൻ :
,, കെ. ഇ. ഇസ്മയിൽ :
,, വി. കെ. രാജൻ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിസിയോതെറാപ്പിസ്റ്റുകളുടെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ഹെൽത്ത് സർവ്വീസസ് ഫിസിയോതെറാപ്പിസ്റ്റ് അസോസിയേഷന്റെ നിവേദനം കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മെഡിക്കൽ കോളേജിൽ ഫിസിയോതെറാപ്പി കോഴ്സ് നടത്താനുള്ള എല്ലാ സജ്ജീകരണങ്ങളും ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) നിവേദനം പരിശോധിച്ചു വരികയാണ്. ആവശ്യമാണെന്നു കണ്ടാൽ ചർച്ച നടത്തുന്നതാണ്.

(സി) ഈ കാര്യത്തെ സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഉൾപ്പെടെ ആലോചിച്ച് യുക്തമായ തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly